**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 169** **29-01-2024 - ൽ മറുപടിയ്ക്ക്**

**സി. എം. ആർ. എൽ. കമ്പനിയിൽ നിന്നും പണം വാങ്ങിയതിൽ വിജിലൻസ് അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ , ശ്രീ. ടി. സിദ്ദിഖ്, ശ്രീമതി കെ. കെ. രമ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കെ. എസ്. ഐ. ഡി. സി.ക്ക് പങ്കാളിത്തമുള്ള സി. എം. ആർ. എൽ. കമ്പനിയിൽ നിന്നും മുഖ്യമന്ത്രിയുടെ മകൾ ചെയ്യാത്ത സേവനങ്ങൾക്ക് പണം വാങ്ങി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഒരു പരാതി വിജിലൻസ് ഡയറക്ടർക്ക് ലഭിച്ചിരുന്നു. ഇതേ പരാതി ബഹു. മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ CMP 1546/2023 നമ്പറായി ഫയൽ ചെയ്യുകയും മതിയായ തെളിവുകളുടെ അഭാവത്തിൽ ബഹു. കോടതി പ്രസ്തുത പരാതി തള്ളുകയും ചെയ്തിരുന്നു. പ്രസ്തുത വിധിയ്ക്കെതിരെ ഫയൽ ചെയ്ത റിവിഷൻ പെറ്റീഷൻ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | ഇത് സംബന്ധിച്ച് വിജിലൻസിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതിയിൽ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | ഉത്തരം (എ) യിൽ നൽകിയിട്ടുള്ളതാണ്. |
| (സി) | മുഖ്യമന്ത്രിയുമായുള്ള ബന്ധത്തിന്റെ പേരിലാണ് ചെയ്യാത്ത സേവനങ്ങൾക്ക് പണം നൽകിയത് എന്ന് സി. എം. ആർ. എൽ. ഉദ്യോഗസ്ഥർ ആരോപണം ഉന്നയിച്ചതായിശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരുന്ന പ്രസ്തുത പരാതിയിൽ കേസ് എടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ? | (സി) | ഉത്തരം (എ) യിൽ നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ